Subject Initials __________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

അഭിമുഖത്തിന് മാർഗ്ഗദർശകമാകുന്ന അടിസ്ഥാനപരമായ ചോദ്യങ്ങളുടെ ഗണമാണ് ഈ ചോദ്യാവലി നൽകുന്നത്. ദയവായി ഈ ചോദ്യങ്ങൾ എല്ലാം ചോദിക്കുക. ആളുടെ ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയം (CDR) തീരുമാനിക്കുന്നതിന് ആവശ്യമായ ഏത് അനുബന്ധ ചോദ്യങ്ങളും ചോദിക്കുക. അനുബന്ധ ചോദ്യങ്ങളിൽ നിന്നുള്ള വിവരങ്ങൾ ദയവായി രേഖപ്പെടുത്തുക.

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള ഓർമ്മയെ സംബന്ധിക്കുന്ന ചോദ്യങ്ങൾ:**

1. രോഗിയുടെ ഓർമ്മയ്ക്കോ ചിന്തയ്ക്കോ ഒരു പ്രശ്നമുണ്ടോ? ☐ ഉണ്ട് ☐ ഇല്ല

1എ. ഉണ്ടെങ്കിൽ, ഇതൊരു നിരന്തരമായ പ്രശ്നമാണോ (സ്ഥിരമല്ലാത്ത എന്നതിന്റെ വിപരീത അർത്ഥത്തിൽ)? ☐ അതെ ☐ അല്ല

2. രോഗിക്ക് അടുത്ത കാലത്ത് നടന്ന സംഭവങ്ങൾ ഓർമിച്ചെടുക്കാൻ കഴിയുമോ? ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി

3. സാധനങ്ങളുടെ ഒരു ചെറിയ ലിസ്റ്റ് (ഷോപ്പിംഗ്) രോഗിക്ക് ഓർമിക്കാൻ കഴിയുമോ? ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി

4. ഇക്കഴിഞ്ഞ വർഷത്തിനിടയിൽ ഓർമ്മ കുറച്ച് കുറഞ്ഞിട്ടുണ്ടോ? ☐ ഉണ്ട് ☐ ഇല്ല

5. രോഗി ഏതാനും വർഷം മുമ്പ് നടത്തിയിരുന്ന ദൈനംദിന പ്രവർത്തനങ്ങൾക്ക് (വിരമിക്കലിന് മുമ്പുള്ള പ്രവർത്തനങ്ങൾ) പ്രതിബന്ധമാവുന്ന തരത്തിൽ രോഗിയുടെ ഓർമ്മ കുറഞ്ഞിട്ടുണ്ടോ? (കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും അഭിപ്രായത്തിൽ) ☐ ഉണ്ട് ☐ ഇല്ല

6. ഒരു പ്രധാന സംഭവം (ഉദാ: യാത്ര, സാമൂഹ്യ ചടങ്ങ്, കുടുംബത്തിലെ വിവാഹം), അതു നടന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ രോഗി പൂർണമായി മറന്നു പോകുമോ? ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി

7. ആ പ്രധാന സംഭവത്തിന്റെ പ്രസക്തമായ വിശദാംശങ്ങൾ രോഗി മറക്കുമോ? ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി

8. വിദൂര ഭൂതകാലത്തിലെ സുപ്രധാന വിവരങ്ങൾ (ഉദാ: ജനനത്തീയതി, വിവാഹത്തീയതി, ജോലിസ്ഥലം) രോഗി മറന്നു പോകുന്നുണ്ടോ? ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി

9. രോഗിയുടെ ജീവിതത്തിലെ, രോഗി ഓർത്തിരിക്കേണ്ടതായ ഏതെങ്കിലും സമീപകാല സംഭവത്തെപ്പറ്റി എന്നോട് പറയുക. (പിന്നീട് രോഗിയുടെ പ്രതികരണവുമായി ഒത്തു നോക്കുന്നതിനായി സംഭവസ്ഥലം, സമയം, പങ്കെടുത്തവർ, എത്രസമയം ദീർഘിച്ചു, എപ്പോൾ അവസാനിച്ചു, രോഗിയോ പങ്കെടുത്ത മറ്റുള്ളവരോ എങ്ങനെയാണ് എത്തിയത് തുടങ്ങിയ വിശദാംശങ്ങൾ ശേഖരിക്കുക)

1 ആഴ്ചക്കുള്ളിൽ: ______________________________

______________________________

______________________________

1 മാസത്തിനുള്ളിൽ: ______________________________

______________________________

______________________________

10. രോഗി ജനിച്ചത് എന്നാണ്? ______________________________

11. രോഗി ജനിച്ചത് എവിടെയാണ്? ______________________________

12. രോഗി ഏറ്റവുമൊടുവിൽ പഠിച്ച വിദ്യാലയം ഏതാണ്? ______________________________

പേര് ______________________________

സ്ഥലം ______________________________

ക്ലാസ്/ഡിഗ്രി ______________________________

13. രോഗിയുടെ പ്രധാന തൊഴിൽ/ജോലി എന്തായിരുന്നു (അഥവാ രോഗിക്ക് ജോലി ഇല്ലായിരുന്നുവെങ്കിൽ ജീവിത പങ്കാളിയുടെ ജോലി)? ______________________________

14. രോഗിയുടെ ഏറ്റവും ഒടുവിലത്തെ പ്രധാന ജോലി എന്തായിരുന്നു (അഥവാ രോഗിക്ക് ജോലി ഇല്ലായിരുന്നുവെങ്കിൽ ജീവിത പങ്കാളിയുടെ ജോലി)? ______________________________

15. എപ്പോഴാണ് രോഗി (അഥവാ ജീവിത പങ്കാളി) ജോലിയിൽ നിന്ന് വിരമിച്ചത്? എന്തുകൊണ്ട്?

______________________________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള സ്ഥലകാലബോധ സംബന്ധമായ ചോദ്യങ്ങൾ:**

എത്ര തവണ രോഗിക്ക് ഇവ കൃത്യമായി അറിയാം:

1. മാസത്തിലെ തീയതി?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

2. മാസം?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

3. വർഷം?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

4. ആഴ്ചയുടെ ദിവസം?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

5. രോഗിക്ക് സമയ ബന്ധങ്ങൾ (സംഭവങ്ങൾ പരസ്പരം ബന്ധപ്പെട്ട് നടക്കുമ്പോൾ) സംബന്ധിച്ച് ബുദ്ധിമുട്ടുണ്ടോ?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

6. പരിചിതമായ തെരുവുകളിൽ രോഗിക്ക് വഴി കണ്ടുപിടിക്കാൻ കഴിയുമോ?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

7. രോഗിക്ക് തന്റെ അയൽപക്കത്തിന് പുറത്തുള്ള ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്ത് എങ്ങിനെ എത്താമെന്ന് എത്ര തവണ അറിയാം?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

8. രോഗിക്ക് വീടിനു ചുറ്റുപാടും എത്ര തവണ വഴി കണ്ടുപിടിക്കാൻ സാധിക്കും?

☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള വിലയിരുത്തൽ, പ്രശ്നപരിഹാരം എന്നിവ സംബന്ധിച്ച ചോദ്യങ്ങൾ:**

1. രോഗിയുടെ പ്രശ്നപരിഹാര കഴിവുകളെ ഇപ്പോഴത്തെ നിലയിൽ പൊതുവായി വിലയിരുത്തേണ്ടി വന്നാൽ, നിങ്ങൾ എങ്ങിനെ കണക്കാക്കും:

   ☐ എന്നത്തെയും പോലെ നല്ലത്

   ☐ നല്ലത്, പക്ഷേ നേരത്തത്തെ അത്ര നല്ലതല്ല

   ☐ ശരാശരി

   ☐ മോശം

   ☐ തീർത്തും കഴിവില്ല

2. പണം, ചെറിയ തുകകൾ (ഉദാ: ചെറിയ സാധനങ്ങളുടെ വില ചില്ലറയടക്കം നൽകുക, തൂക്കിയ പലവ്യഞ്ജനങ്ങളുടെ വില കണക്കാക്കുക) ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള രോഗിയുടെ കഴിവ് കണക്കാക്കുക:

   ☐ നഷ്ടമില്ല

   ☐ കുറച്ച് നഷ്ടം

   ☐ കനത്ത നഷ്ടം

3. ഗാർഹിക വരവുചെലവു കണക്കുകൾ കൃത്യമായി കൈകാര്യം ചെയ്യാനുള്ള (ഉദാ: ചെക്ക് ബുക്ക് കൈകാര്യം ചെയ്യുക, ബില്ലടയ്ക്കുക) രോഗിയുടെ കഴിവ് കണക്കാക്കുക:

   ☐ നഷ്ടമില്ല

   ☐ കുറച്ച് നഷ്ടം

   ☐ കനത്ത നഷ്ടം

4. രോഗിക്ക് ഒരു ഗാർഹിക അടിയന്തിര സ്ഥിതി (ഉദാ: പൈപ്പ് പൊട്ടൽ, ചെറിയ അഗ്നിബാധ) കൈകാര്യം ചെയ്യാൻ കഴിയുമോ?

   ☐ പഴയതു പോലെ തന്നെ നന്നായി

   ☐ ചിന്തയിലുള്ള കുഴപ്പം കാരണം നേരത്തേതിനേക്കാൾ മോശമായി

   ☐ മറ്റു കാരണത്താൽ, നേരത്തേതിനേക്കാൾ മോശമായി (എന്തുകൊണ്ട്) ______________________

   ______________________________________________________________

   ______________________________________________________________

5. സാഹചര്യങ്ങളോ വിശദീകരണങ്ങളോ രോഗിക്ക് മനസിലാക്കാൻ കഴിയുമോ?

   ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

6. മറ്റ് ആളുകളുമായുള്ള ഇടപഴകലുകളിലും, സാമൂഹ്യ സാഹചര്യങ്ങളിലും രോഗി ഉചിതമായി [അതായത്, തന്റെ പതിവ് (രോഗത്തിന് മുമ്പുള്ള) രീതിയിൽ] പെരുമാറുന്നുണ്ടോ?*

   ☐ മിക്കവാറും ☐ വല്ലപ്പോഴും ☐ അപൂർവ്വമായി ☐ അറിയില്ല

*ഈ ഇനം പെരുമാറ്റ രീതിയെയാണ് അളക്കുന്നത്, കാഴ്ചയെ അല്ല.

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള സമൂഹത്തിലെ പങ്കാളിത്ത സംബന്ധമായ ചോദ്യങ്ങൾ:**

**തൊഴിൽ സംബന്ധം**

1. രോഗി ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ? ☐ ഉണ്ട് ☐ ഇല്ല ☐ ബാധകമല്ല
   ബാധകമല്ലെങ്കിൽ ഇനം 4-ലേക്ക് പോവുക
   ഉണ്ട് എങ്കിൽ, ഇനം 3-ലേക്ക് പോവുക
   ഇല്ല എങ്കിൽ, ഇനം 2-ലേക്ക് പോവുക

2. ഓർമ്മത്തകരാറുകളോ ചിന്താ തകരാറുകളോ വിരമിക്കാനുള്ള രോഗിയുടെ തീരുമാനത്തിന് പ്രേരകമായിട്ടുണ്ടോ? (ചോദ്യം 4 ആണ് അടുത്തത്) ☐ ഉണ്ട് ☐ ഇല്ല ☐ അറിയില്ല

3. ചിന്തയ്ക്കോ ഓർമ്മയ്ക്കോ ഉള്ള തകരാറുകൾ കൊണ്ട് രോഗിക്ക് തന്റെ ജോലിയിൽ കാര്യമായ ബുദ്ധിമുട്ട് ഉണ്ടായിരുന്നോ?
   ☐ അപൂർവ്വമായി അഥവാ ഒരിക്കലുമില്ല ☐ വല്ലപ്പോഴും ☐ മിക്കപ്പോഴും ☐ അറിയില്ല

**സാമൂഹികം**

4. രോഗി എപ്പോഴെങ്കിലും ഒരു വാഹനം ഓടിച്ചിട്ടുണ്ടോ? ☐ ഉണ്ട് ☐ ഇല്ല
   രോഗി ഇപ്പോൾ വാഹനം ഓടിക്കുന്നുണ്ടോ? ☐ ഉണ്ട് ☐ ഇല്ല
   ഇല്ലെങ്കിൽ, അത് ഓർമ്മയുടെയോ ചിന്തയുടെയോ തകരാറുകൾ കാരണമാണോ? ☐ അതെ ☐ അല്ല

5. രോഗി ഇപ്പോഴും വാഹനമോടിക്കുന്നുണ്ടെങ്കിൽ, ദുർബലമായ ചിന്തകൊണ്ടുള്ള കുഴപ്പങ്ങളോ അപകടങ്ങളോ ഉണ്ടോ? ☐ ഉണ്ട് ☐ ഇല്ല

*6. രോഗിക്ക് അവശ്യ വസ്തുക്കൾ സ്വന്തനിലയിൽ പോയി വാങ്ങാൻ സാധിക്കുമോ?
   ☐ അപൂർവ്വമായി അഥവാ ഒരിക്കലും സാധ്യമല്ല (ഏതു സാധനം വാങ്ങാനും കൂടെ ആൾ പോകണം)
   ☐ വല്ലപ്പോഴും (ചുരുങ്ങിയ എണ്ണം സാധനങ്ങൾ വാങ്ങും, വാങ്ങിയ തന്നെ വീണ്ടും വാങ്ങുകയോ ആവശ്യ സാധനങ്ങൾ മറക്കുകയോ ചെയ്യും)
   ☐ മിക്കപ്പോഴും
   ☐ അറിയില്ല

7. വീടിനുപുറത്ത് സ്വന്തനിലയിൽ പ്രവർത്തനങ്ങൾ നടത്താൻ രോഗിക്ക് കഴിയുന്നുണ്ടോ?
   ☐ അപൂർവ്വമായി അഥവാ ഒരിക്കലുമില്ല (സാധാരണ ഗതിയിൽ സഹായമില്ലാതെ പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല)
   ☐ വല്ലപ്പോഴും (പരിമിതവും പതിവും, അഥവാ ഇവയിലൊന്ന്. ഉദാ: ആരാധനാലയ-ങ്ങളിലോ, യോഗങ്ങളിലോ ഉപരിപ്ലവമായ പങ്കാളിത്തം, മുടിവെട്ടാൻ/ബ്യൂട്ടി പാർലറിലേക്കുള്ള യാത്രകൾ).
   ☐ മിക്കപ്പോഴും ((പ്രവർത്തനങ്ങളിൽ സാർത്ഥകമായ പങ്കാളിത്തം, ഉദാ: വോട്ട് ചെയ്യൽ)
   ☐ അറിയില്ല

8. രോഗിയുടെ വീടിന് പുറത്തുള്ള സാമൂഹിക ചടങ്ങുകൾക്ക് രോഗിയെ കൊണ്ടുപോകാറുണ്ടോ? ☐ ഉണ്ട് ☐ ഇല്ല
   ഇല്ലെങ്കിൽ, എന്തുകൊണ്ട് ഇല്ല? ________________________________

9. രോഗിയുടെ പെരുമാറ്റം യാദൃശ്ചികമായി നിരീക്ഷിക്കുന്ന ഒരാൾ ഈ വ്യക്തിക്ക് രോഗമാണെന്ന് ചിന്തിക്കുന്നുണ്ടോ? ☐ ഉണ്ട് ☐ ഇല്ല

10. വൃദ്ധ സദനത്തിലാണെങ്കിൽ, രോഗി അവിടുത്തെ സാമൂഹിക ചടങ്ങുകളിൽ (ബോധപൂർവ്വം) സജീവമായി പങ്കെടുക്കുന്നുണ്ടോ? ☐ ഉണ്ട് ☐ ഇല്ല

**പ്രധാനം**:
സാമൂഹിക പങ്കാളിത്തത്തിൽ രോഗിയുടെ വൈകല്യത്തിന്റെ നിലനിർണയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാണോ?
**അല്ലെങ്കിൽ, ദയവായി കൂടുതൽ അന്വേഷിക്കുക**

സാമൂഹിക പങ്കാളിത്തം: ആരാധനാലയങ്ങളിൽ പോവുക, കുടുംബാംഗങ്ങളെയോ സുഹൃത്തുക്കളെയോ സന്ദർശിക്കൽ, രാഷ്ട്രീയ പ്രവർത്തനങ്ങൾ, ബാർ അസോസിയേഷൻ പോലുള്ള ഉദ്യോഗ സംബന്ധമായ സംഘടനകൾ, ഇതര ഉദ്യോഗ സംബന്ധ ഗ്രൂപ്പുകൾ, ക്ലബ്ബുകൾ, സേവന സംഘടനകൾ, വിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയവ.

***ഈ മേഖലയിൽ രോഗിയുടെ പങ്കാളിത്ത നില വ്യക്തമാക്കുന്നതിനായി ആവശ്യമെങ്കിൽ ദയവായി കുറിപ്പുകൾ ചേർക്കുക.**

Subject Initials _________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള വീട്ടുജോലികളെക്കുറിച്ചും വിനോദത്തെക്കുറിച്ചുമുള്ള ചോദ്യങ്ങൾ):**

1എ. ഗാർഹിക നിത്യ ജോലികൾ ചെയ്യാനുള്ള രോഗിയുടെ കഴിവുകളിൽ എന്തുമാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്? _____

______________________________________________

1ബി. രോഗിക്ക് ഇപ്പോഴും നന്നായി ചെയ്യാൻ കഴിയുന്നത് എന്താണ്? ______________________

______________________________________________

2എ. വിനോദങ്ങളിൽ ഏർപ്പെടാനുള്ള രോഗിയുടെ കഴിവുകളിൽ എന്തുമാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്? ________

______________________________________________

2ബി. രോഗിക്ക് ഇപ്പോഴും നന്നായി ചെയ്യാൻ കഴിയുന്നത് എന്താണ്? ______________________

______________________________________________

3. വൃദ്ധ സദനത്തിലാണെങ്കിൽ രോഗിക്ക് എന്താണ് ഇപ്പോൾ നന്നായി ചെയ്യാൻ കഴിയാത്തത് (വീട്ടുജോലികളും വിനോദങ്ങളും)? ______________________________

**ദൈനംദിന പ്രവർത്തനങ്ങൾ (The Dementia Scale of Blessed)**:

| | നഷ്ടമില്ല | | കനത്ത നഷ്ടം |
|---|---|---|---|
| 4. വീട്ടുജോലികൾ ചെയ്യാനുള്ള കഴിവ് | 0 | 0.5 | 1 |

ദയവായി വിവരിക്കുക: ______________________________________

______________________________________________

______________________________________________

5. രോഗിക്ക് ഗാർഹിക നിത്യജോലികൾ ഈ നിലയിൽ ചെയ്യാൻ കഴിയുമോ:
(ഒന്ന് തിരഞ്ഞെടുക്കുക. രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോട് നേരിട്ട് ചോദിക്കണമെന്നില്ല).

☐ <u>പ്രയോജനകരമായ ഒരു ചുമതലയും സാധ്യമല്ല.</u>
(കിടക്ക വിരിക്കുന്നതുപോലെ ലളിതമായ പ്രവർത്തനങ്ങൾ, ഗണ്യമായ മേൽനോട്ടത്തിൽ മാത്രം ചെയ്യുന്നു)

☐ <u>പരിമിതമായ പ്രവർത്തനങ്ങളിലെ ചുമതലകൾ മാത്രം.</u>
(കുറഞ്ഞ മേൽനോട്ടത്തിൽ പാത്രങ്ങൾ സ്വീകാര്യമായ വൃത്തിയിൽ കഴുകുന്നു, മേശ ഒരുക്കുന്നു)

☐ <u>ചില പ്രവർത്തനങ്ങളിൽ സ്വന്തനിലയിൽ ചുമതല നിർവഹിക്കുന്നു.</u>
(വാകം ക്ലീനർ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നു, ലളിതമായ ഊണൊരുക്കുന്നു)

☐ <u>പതിവ് പ്രവർത്തനങ്ങളിലെ ചുമതലകൾ നിർവഹിക്കുന്നു, പക്ഷേ പതിവ് നിലയിലല്ല.</u>

☐ <u>പതിവ് പ്രവർത്തനങ്ങളിൽ സാധാരണമട്ടിൽ ചുമതലകൾ നിർവഹിക്കുന്നു.</u>

**പ്രധാനം:**
വീട്, വിനോദം എന്നിവയിൽ രോഗിയുടെ ബലഹീനതയുടെ നില നിർണയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാണോ?
**അല്ലെങ്കിൽ, ദയവായി കൂടുതൽ അന്വേഷിക്കുക.**

<u>വീട്ടു ജോലികൾ</u>: പാചകം, അലക്ക്, ശുചീകരണം, പലവ്യഞ്ജനങ്ങൾ വാങ്ങൽ, വേസ്റ്റ് പുറത്തുകൊണ്ടുപോകൽ, പുരയിടത്തിലെ ജോലികൾ, ലളിതമായ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

<u>വിനോദങ്ങൾ</u>: തുന്നൽ, പെയിന്റിംഗ്, കരകൗശലങ്ങൾ, വായന, സംഗീതം, ഫോട്ടോഗ്രാഫി, പൂന്തോട്ട പരിപാലനം, സിനിമ കാണുക, കായിക വിനോദങ്ങളിലേർപ്പെടുക, സ്റ്റാംപ്/നാണയ ശേഖരം.

Subject Initials _________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയെപ്പറ്റി വിവരം നൽകുന്ന ആളോടുള്ള സ്വയം പരിചരണ സംബന്ധമായ ചോദ്യങ്ങൾ:**

*ഇനിപ്പറയുന്ന മേഖലകളിൽ രോഗിയുടെ മാനസികമായ കഴിവിനെപ്പറ്റി നിങ്ങളുടെ ഏകദേശ നിർണയം എന്താണ്:

| | സഹായമില്ലാതെ | ഇടയ്ക്ക് സ്ഥാനം മാറിയ ബട്ടണുകൾ, തുടങ്ങിയവ | തെറ്റായ അനുക്രമം, പതിവായി സാധനങ്ങൾ മറക്കുന്നു | വസ്ത്രം ധരിക്കാൻ സാധിക്കില്ല |
|---|---|---|---|---|
| എ. വസ്ത്രധാരണം (The Dementia Scale of Blessed) | 0 | 1 | 2 | 3 |

| | സഹായമില്ലാതെ | പറഞ്ഞു കൊടുക്കണം | ചിലപ്പോൾ സഹായം വേണം | എല്ലായ്പ്പോഴുമോ മിക്കവാറും എല്ലായ്പ്പോഴുമോ സഹായം വേണം |
|---|---|---|---|---|
| ബി. കുളി, ഒരുക്കം | 0 | 1 | 2 | 3 |

| | വൃത്തിയായി; ശരിയായ പാത്രങ്ങൾ | കുഴച്ചുമറിച്ച്; സ്പൂൺ | ലഘു കട്ടിയാഹാരങ്ങൾ | പൂർണമായി ഭക്ഷണം വാരിക്കൊടുക്കണം |
|---|---|---|---|---|
| സി. ഭക്ഷണം | 0 | 1 | 2 | 3 |

| | സാധാരണ മട്ടിലുള്ള പൂർണ നിയന്ത്രണം | ഇടയ്ക്ക് കിടക്ക നനയ്ക്കുന്നു | പതിവായി കിടക്ക നനയ്ക്കുന്നു | മലമൂത്ര നിയന്ത്രണം തീർത്തും ഇല്ല |
|---|---|---|---|---|
| ഡി. മലമൂത്ര നിയന്ത്രണം (The Dementia Scale of Blessed) | 0 | 1 | 2 | 3 |

* രോഗിയുടെ സ്വയം പരിചരണം, ആരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്നില്ലെങ്കിൽക്കൂടി മുമ്പിലത്തെ നിലയേക്കാൾ വികലമായിട്ടുണ്ടെങ്കിൽ ബോക്സ് സ്കോർ 1 പരിഗണിക്കാവുന്നതാണ്.

Subject Initials _________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയോടുള്ള ഓർമ്മയെ സംബന്ധിച്ച ചോദ്യങ്ങൾ:**

1. താങ്കളുടെ ഓർമ്മയ്ക്കോ, ചിന്തയ്ക്കോ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ? ☐ ഉണ്ട് ☐ ഇല്ല

2. ഏതാനും നിമിഷങ്ങൾ മുമ്പ്, താങ്കളുടെ (ജീവിത പങ്കാളി, തുടങ്ങിയവർ) താങ്കൾക്കുണ്ടായ ചില സമീപകാല അനുഭവങ്ങൾ എന്നോടു പറഞ്ഞു. ഈ കാര്യങ്ങളെപ്പറ്റി എന്തെങ്കിലും എന്നോടു പറയാമോ? (ആവശ്യമെങ്കിൽ വിശദാംശങ്ങൾക്കായി സൂചനകൾ നൽകുക, സംഭവസ്ഥലം, സമയം, പങ്കെടുത്തവർ, എത്രസമയം ദീർഘിച്ചു, എപ്പോൾ അവസാനിച്ചു, ഈ വ്യക്തിയോ പങ്കെടുത്ത മറ്റുള്ളവരോ എങ്ങിനെയാണ് അവിടെ എത്തിയത് തുടങ്ങിയവ).

1 ആഴ്ചയ്ക്കുള്ളിൽ

1.0 – മിക്കവാറും ശരി ____________________

0.5 ____________________

0.0 – മിക്കവാറും തെറ്റ് ____________________

1 മാസത്തിനുള്ളിൽ

1.0 – മിക്കവാറും ശരി ____________________

0.5 ____________________

0.0 – മിക്കവാറും തെറ്റ് ____________________

3. കുറച്ചു സമയത്തേക്ക് ഓർത്തിരിക്കാനായി ഞാനൊരു പേരും മേൽവിലാസവും താങ്കൾക്ക് പറഞ്ഞുതരും. ഈ പേരും മേൽവിലാസവും ഞാൻ പറഞ്ഞു കേട്ടശേഷം ഏറ്റുപറയുക: (വാക്കുകൾ കൃത്യമായി ഏറ്റു പറയുന്നതു വരെയോ, പരമാവധി മൂന്നു തവണയോ ആവർത്തിക്കുക).

| ഘടകങ്ങൾ | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| | രാമൻ | നായർ, | 42 | എംജി റോഡ്, | കൊച്ചി |
| | രാമൻ | നായർ, | 42 | എംജി റോഡ്, | കൊച്ചി |
| | രാമൻ | നായർ, | 42 | എംജി റോഡ്, | കൊച്ചി |

(ഓരോ ശ്രമത്തിലും കൃത്യമായി ആവർത്തിക്കുന്ന ഘടകങ്ങൾക്ക് അടിവരയിടുക).

4. താങ്കൾ എന്നാണ് ജനിച്ചത്? ____________________

5. താങ്കൾ എവിടെയാണ് ജനിച്ചത്? ____________________

6. താങ്കൾ ഏറ്റവുമൊടുവിൽ പഠിച്ച വിദ്യാലയം ഏതാണ്?
   പേര് ____________________
   സ്ഥലം ____________________ ക്ലാസ്/ഡിഗ്രി ____________________

7. താങ്കളുടെ പ്രധാന തൊഴിൽ/ജോലി എന്തായിരുന്നു (അഥവാ താങ്കൾക്ക് ജോലി ഇല്ലായിരുന്നുവെങ്കിൽ ജീവിത പങ്കാളിയുടെ ജോലി)? ____________________

8. താങ്കളുടെ ഏറ്റവും ഒടുവിലത്തെ പ്രധാന ജോലി എന്തായിരുന്നു (അഥവാ താങ്കൾക്ക് ജോലി ഇല്ലായിരുന്നുവെങ്കിൽ ജീവിത പങ്കാളിയുടെ ജോലി)? ____________________

9. എപ്പോഴാണ് താങ്കൾ (അഥവാ ജീവിത പങ്കാളി) ജോലിയിൽ നിന്ന് വിരമിച്ചത്? എന്തുകൊണ്ട്? ____________________

10. ഞാൻ താങ്കളോട് ഓർത്തുവയ്ക്കാൻ ആവശ്യപ്പെട്ട പേരും മേൽവിലാസവും ഒരിക്കൽക്കൂടി പറയുക:

| ഘടകങ്ങൾ | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| | രാമൻ | നായർ, | 42 | എംജി റോഡ്, | കൊച്ചി |

(**കൃത്യമായി ആവർത്തിച്ച ഘടകങ്ങൾക്ക് അടിവരയിടുക**).

Subject Initials _________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയോടുള്ള സ്ഥലകാലബോധ സംബന്ധമായ ചോദ്യങ്ങൾ:**

ഓരോ ചോദ്യത്തിനുമുള്ള രോഗിയുടെ ഉത്തരം പദാനുപദം രേഖപ്പെടുത്തുക

1. ഇന്നത്തെ തീയതി എന്താണ്? ☐ ശരി ☐ തെറ്റ്

_______________________________________________

2. ആഴ്ചയിലെ ഏതു ദിവസമാണിത്? ☐ ശരി ☐ തെറ്റ്

_______________________________________________

3. ഇത് ഏതു മാസമാണ്? ☐ ശരി ☐ തെറ്റ്

_______________________________________________

4. ഇത് ഏതു വർഷമാണ്? ☐ ശരി ☐ തെറ്റ്

_______________________________________________

5. ഈ സ്ഥലത്തിന്റെ പേരെന്താണ്? ☐ ശരി ☐ തെറ്റ്

_______________________________________________

6. ഏതു നഗരത്തിലാണ് നമ്മൾ ഉള്ളത്? ☐ ശരി ☐ തെറ്റ്

_______________________________________________

7. സമയം എന്തായി? ☐ ശരി ☐ തെറ്റ്

_______________________________________________

8. രോഗിയെപ്പറ്റി വിവരം നൽകുന്ന ആൾ തന്റെ ആരാണെന്ന് രോഗിക്ക് അറിയാമോ (നിങ്ങളുടെ വിലയിരുത്തലിൽ)? ☐ ശരി ☐ തെറ്റ്

_______________________________________________



CDR – India/Malayalam. Final version. 21 Sep 06 – Mapi Research Institute.
f:\institut\cultadap\project\2925\etude2925\final-versions\cdr\cdrmalq.doc-21/09/2006

Subject Initials _________

# ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി

**രോഗിയോടുള്ള വിലയിരുത്തൽ, പ്രശ്നപരിഹാരം എന്നിവ സംബന്ധിച്ച ചോദ്യങ്ങൾ:**

നിർദ്ദേശങ്ങൾ: രോഗിയുടെ ആദ്യ പ്രതികരണം ഗ്രേഡ് 0 -ന് അർഹതയുള്ളതല്ലെങ്കിൽ, രോഗിക്ക് പ്രശ്നത്തെക്കുറിച്ചുള്ള ഏറ്റവും മികച്ച ധാരണ തിരിച്ചറിയുന്നതിനായി വിഷയം വീണ്ടും ഉന്നയിക്കുക. ഏറ്റവും യോജിച്ച പ്രതികരണത്തിന് വൃത്തമിട്ട് അടയാളപ്പെടുത്തുക.

**സാമ്യങ്ങൾ:**

ഉദാഹരണം: "ഒരു പെൻസിലും പേനയും എങ്ങിനെയാണ് സമാനമായിരിക്കുന്നത്? (എഴുത്തുപകരണങ്ങൾ)

ഈ വസ്തുക്കൾ എങ്ങിനെയാണ് സമാനമായിരിക്കുന്നത്" രോഗിയുടെ പ്രതികരണം

1. വെണ്ടയ്ക്ക......പാവയ്ക്ക ________________
   (0 = പച്ചക്കറികൾ)
   (1 = ആഹാരയോഗ്യമായ ഭക്ഷണം, സസ്യങ്ങൾ, പാകം ചെയ്യാം തുടങ്ങിയവ)
   (2 = ഉത്തരങ്ങൾ പ്രസക്തമല്ല, വ്യത്യാസങ്ങൾ; അവ വാങ്ങുന്നു)

2. മേശ......അലമാര ________________
   (0 = ഗൃഹോപകരണങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, രണ്ടിലും പുസ്തകം വയ്ക്കാം)
   (1 = മരം കൊണ്ടുണ്ടാക്കിയത്, കാലുകൾ)
   (2 = പ്രസക്തമല്ല, വ്യത്യാസങ്ങൾ)

**വ്യത്യാസങ്ങൾ:**

ഉദാഹരണം: "പഞ്ചസാരയും വിനാഗിരിയും തമ്മിലുള്ള വ്യത്യാസമെന്ത്? (മധുരംX ചവർപ്പ്)

ഈ കാര്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്"

3. നുണ......അബദ്ധം ________________
   (0 = ഒന്ന് മനപൂർവ്വം, ഒന്ന് അറിയാതെ)
   (1 = ഒന്ന് ചീത്ത, മറ്റത് നന്ന് – അല്ലെങ്കിൽ ഒന്നുമാത്രം വിശദീകരിക്കുന്നു)
   (2 = മറ്റ് എന്തെങ്കിലും സമാനതകൾ)

4. പുഴ......കനാൽ ________________
   (0 = പ്രകൃതിയിൽ ഉള്ളത് - മനുഷ്യർ ഉണ്ടാക്കുന്നത്)
   (2 = മറ്റ് എന്തെങ്കിലും)

**കണക്കുകൂട്ടലുകൾ:**

5. ഒരു രൂപയിൽ എത്ര പൈസ? ☐ ശരി ☐ തെറ്റ്
6. ആറു രൂപ 75 പൈസയിൽ എത്ര 25 പൈസകളുണ്ട്? ☐ ശരി ☐ തെറ്റ്
7. 20ൽ നിന്ന് 3 കുറയ്ക്കുക. കിട്ടുന്ന സംഖ്യയിൽ നിന്നും വീണ്ടും 3 കുറയ്ക്കുക. ഏറ്റവും ചെറിയ സംഖ്യയിലെത്തുന്നതുവരെ ഇത് ആവർത്തിക്കുക. ☐ ശരി ☐ തെറ്റ്

**വിലയിരുത്തൽ:**

8. അപരിചിതമായ ഒരു നഗരത്തിലെത്തിയാൽ, താങ്കൾ കാണാൻ ആഗ്രഹിക്കുന്ന ഒരു സുഹൃത്തിനെ എങ്ങിനെ കണ്ടുപിടിക്കും?

   (0 = ടെലിഫോൺ ഡയറക്ടറിയിൽ പരതുക, ഒരു പൊതു സുഹൃത്തിനെ വിളിക്കുക)
   (1 = പൊലീസിൽ വിളിക്കുക, ടെലിഫോൺ എക്സ്ചേഞ്ചിൽ വിളിക്കുക (സാധാരണ ഗതിയിൽ മേൽവിലാസം ലഭിക്കില്ല)
   (2 = വ്യക്തമായി പ്രതികരണമൊന്നുമില്ല)

9. തന്റെ വൈകല്യാവസ്ഥയെക്കുറിച്ചും, സമൂഹത്തിലെ നിലയെക്കുറിച്ചും രോഗിയുടെ വിലയിരുത്തലും താൻ എന്തിനാണ് പരിശോധനയ്ക്കായി വന്നിരിക്കുന്നതെന്നതിനെക്കുറിച്ചുള്ള രോഗിയുടെ ധാരണയും (ഈ തലം നേരത്തെ കൈകാര്യം ചെയ്തതാവാം, എന്നാലും നിങ്ങളുടെ വ്യക്തിപരമായ അഭിപ്രായം ഇവിടെ രേഖപ്പെടുത്തുക):

   ☐ നല്ല ഉൾക്കാഴ്ച ☐ ഭാഗികമായ ഉൾക്കാഴ്ച ☐ നേരിയ ഉൾക്കാഴ്ച

## ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയ ചോദ്യാവലി (CDR)

| ക്ലിനിക്കൽ മേധാക്ഷയ നിർണ്ണയം (CDR) | 0 | 0.5 | 1 | 2 | 3 |
|---|---|---|---|---|---|

| | വൈകല്യാവസ്ഥ | | | | |
|---|---|---|---|---|---|
| | ഇല്ല<br>0 | സംശയാസ്പദം<br>0.5 | ലഘുവായ<br>1 | ഇടത്തരം<br>2 | തീവ്രമായ<br>3 |
| ഓർമ്മ | ഓർമ്മ നഷ്ടം ഇല്ല; അല്ലെങ്കിൽ വല്ലപ്പോഴുമുള്ള നേരിയ മറവി | നേരിയതെങ്കിലും പതിവായ മറവി; സംഭവങ്ങൾ ഭാഗികമായി ഓർമിക്കുന്നു; അപകടകരമല്ലാത്ത മറവി | മിതമായ ഓർമ്മനഷ്ടം; സമീപകാല സംഭവങ്ങളിൽ കൂടുതൽ പ്രകടം; വൈകല്യം ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമാകുന്നു | കനത്ത ഓർമ്മനഷ്ടം; സമഗ്രമായ ഗ്രാഹ്യമുള്ള കാര്യങ്ങൾ മാത്രം അവശേഷിക്കുന്നു; പുതിയ കാര്യങ്ങൾ വളരെ പെട്ടെന്ന് നഷ്ടപ്പെടുന്നു | കനത്ത ഓർമ്മ നഷ്ടം; ഓർമ്മശകലങ്ങൾ മാത്രം ബാക്കി |
| സ്ഥലകാലബോധം | പൂർണമായ ധാരണ | സമയബന്ധങ്ങളിൽ നേരിയ ബുദ്ധിമുട്ടൊഴിച്ചാൽ പൂർണമായ ധാരണ | സമയ ബന്ധങ്ങളിൽ മിതമായ ബുദ്ധിമുട്ട്; പരിശോധനാ സമയത്ത് സ്ഥലം സംബന്ധിച്ച ധാരണ; മറ്റ് സ്ഥലങ്ങളിൽ ഭൂമിശാസ്ത്ര സംബന്ധമായ ധാരണാപ്പിശക് ഉണ്ടാകാം | സമയബന്ധങ്ങളിൽ കടുത്ത ബുദ്ധിമുട്ട്; സാധാരണഗതിയിയിൽ സമയം സംബന്ധിച്ച് ധാരണയില്ല, പലപ്പോഴും സ്ഥലം സംബന്ധിച്ചും | തന്നെപ്പറ്റി ബന്ധപ്പെട്ട് മാത്രമേ ധാരണയുള്ളൂ |
| വിലയിരുത്തലും പ്രശ്നപരിഹാരവും | ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുകയും, ബിസിനസ്, സാമ്പത്തിക കാര്യങ്ങൾ ഭംഗിയായി കൈകാര്യം ചെയ്യുകയും ചെയ്യുന്നു; മുൻകാല പ്രകടനവുമായി ബന്ധപ്പെടുത്തിയാൽ നല്ല വിലയിരുത്തൽ | പ്രശ്നപരിഹാരം, സാമ്യങ്ങൾ, വ്യത്യാസങ്ങൾ എന്നിവയിൽ നേരിയ വൈകല്യം | പ്രശ്നങ്ങൾ, സാമ്യങ്ങൾ, വ്യത്യാസങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ മിതമായ ബുദ്ധിമുട്ട്; സാമൂഹ്യമായ വിലയിരുത്തൽ പൊതുവേ നിലനിൽക്കുന്നു | പ്രശ്നങ്ങൾ, സാമ്യങ്ങൾ, വ്യത്യാസങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ കടുത്ത വൈകല്യം; സാമൂഹ്യമായ വിലയിരുത്തലും പൊതുവേ വികലമായിട്ടുണ്ടാവും | വിലയിരുത്തലുകൾ നടത്താനോ, പ്രശ്നങ്ങൾ പരിഹരിക്കാനോ കഴിയുന്നില്ല |
| സാമൂഹിക പങ്കാളിത്തം | ജോലി, സാധനങ്ങൾ വാങ്ങൽ, സന്നദ്ധ സേവനം, സാമൂഹിക സംഘങ്ങൾ എന്നിവകളിൽ സാധാരണമട്ടിലുള്ള സ്വതന്ത്രമായ ചുമതലാ നിർവഹണം | ഈ പ്രവർത്തനങ്ങളിൽ നേരിയ വൈകല്യം | ഈ പ്രവർത്തനങ്ങളിൽ ചിലതിൽ ഇപ്പോഴും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സ്വതന്ത്രമായി ചുമതല നിർവഹിക്കുവാൻ കഴിയുന്നില്ല; യാദൃച്ഛിക നിരീക്ഷണത്തിൽ സാധാരണമായി കാണപ്പെടുന്നു | വീടിനു പുറത്ത് സ്വതന്ത്രമായ ചുമതലാ നിർവഹണം എന്ന നാട്യമില്ല<br>വീടിനു പുറത്തെ ചടങ്ങുകൾക്ക് കൊണ്ടുപോകാൻ മാത്രം സുഖമുള്ള അവസ്ഥയിൽ കാണപ്പെടുന്നു | വീടിനു പുറത്തെ ചടങ്ങുകൾക്ക് കൊണ്ടുപോകാൻ കഴിയാത്തവിധം തീർത്തും രോഗാവസ്ഥയിൽ കാണപ്പെടുന്നു |
| വീട്ടുജോലികളും വിനോദങ്ങളും | വീട്ടിലെ ജീവിതം, വിനോദങ്ങൾ, ബൗദ്ധിക താൽപര്യങ്ങൾ എന്നിവ നന്നായി പുലർത്തുന്നു | വീട്ടിലെ ജീവിതം, വിനോദങ്ങൾ, ബൗദ്ധിക താൽപര്യങ്ങൾ എന്നിവയ്ക്ക് നേരിയ വൈകല്യം | വീട്ടിലെ ചുമതലാ നിർവഹണത്തിന് ചെറുതെങ്കിലും വ്യക്തമായ വൈകല്യം; കൂടുതൽ വിഷമമുള്ള ചര്യകൾ ഒഴിവാക്കുന്നു; കൂടുതൽ സങ്കീർണമായ വിനോദങ്ങളും താല്പര്യങ്ങളും ഉപേക്ഷിക്കുന്നു | ലളിതമായ ജീവിതചര്യകൾ മാത്രം നിലനിർത്തുന്നു; വളരെ പരിമിതമായ താല്പര്യങ്ങൾ കഷ്ടിച്ച് പുലർത്തുന്നു | വീട്ടിൽ കാര്യമായ ഒരു പ്രവർത്തനവും സാധിക്കുന്നില്ല |
| സ്വയം പരിചരണം | സ്വയം പരിചരിക്കാൻ തികച്ചും കഴിവുണ്ട് | | നിർദ്ദേശങ്ങൾ ആവശ്യമുണ്ട് | വസ്ത്രധാരണം, വൃത്തി, വ്യക്തിപരമായ സാധനങ്ങൾ സൂക്ഷിക്കൽ തുടങ്ങിയവയിൽ സഹായം ആവശ്യമാണ് | സ്വയം പരിചരണത്തിന് കാര്യമായ സഹായം വേണം; മലമൂത്ര നിയന്ത്രണം പലപ്പോഴുമില്ല. |

ഉൾക്കാഴ്ചയുടെ നഷ്ടംകൊണ്ട് മുമ്പിലത്തെ തലത്തിൽ നിന്ന് ഉണ്ടായ കുറവ് എന്ന നിലയിൽ മാത്രം സ്കോർ കണക്കാക്കുക, മറ്റ് ഘടകങ്ങൾ കൊണ്ടുള്ള വൈകല്യം പരിഗണിക്കേണ്ടതില്ല.